| 17–09–2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
| --- | --- | --- | --- | --- |

**മധുരമായ കുട്ടികളെ – ഏറ്റവും വലിയ തീർത്ഥസ്ഥാനമാണ് ആബൂ എന്ന രഹസ്യം എല്ലാവരെയും കേൾപ്പിക്കൂ, സ്വയം ഭഗവാൻ ഇവിടെ നിന്നാണ് എല്ലാവർക്കും സദ്ഗതി നൽകുന്നത്.**

**ചോദ്യം –** ഏതൊരു കാര്യം മനുഷ്യർ മനസ്സിലാക്കുകയാണെങ്കിൽ ഇവിടെ തിരക്ക് അനുഭവപ്പെടും?
**ഉത്തരം–**ബാബ രാജയോഗം പഠിപ്പിച്ചിരുന്നു, ഇപ്പോൾ വീണ്ടും പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്, ബാബ സർവ്വവ്യാപിയല്ല എന്നീ മുഖ്യമായ കാര്യങ്ങൾ മനസ്സിലാകുമ്പോൾ ഇവിടെ തിരക്ക് അനുഭവപ്പെടും. ബാബ ഈ സമയം ആബുവിൽ വന്ന് വിശ്വത്തിൽ ശാന്തി സ്ഥാപന ചെയ്തുകൊണ്ടിരിക്കുന്നു, ദിൽവാഡാ ക്ഷേത്രം അതിന്റെ ജഡ–ഓർമ്മചിഹ്നവുമാണ്. ഇവിടെ ആദിദേവൻ ചൈതന്യത്തിൽ ഇരിക്കുന്നുണ്ട്, ഇത് ചൈതന്യ ദിൽവാഡാ ക്ഷേത്രമാണ്, ഈ കാര്യങ്ങൾ മനസ്സിലാകുമ്പോൾ ആബുവിന് മഹിമ ഉണ്ടാകും, ഇവിടെ തിരക്കും അനുഭവപ്പെടും. ആബുവിന്റെ പേര് പ്രസിദ്ധമാവുകയാണെങ്കിൽ ഇവിടെ അനേകർ വരും.

**ഓംശാന്തി**. കുട്ടികൾക്ക് യോഗം പഠിപ്പിക്കുകയാണ്. മറ്റുള്ള സ്ഥലങ്ങളിൽ സ്വയം പഠിക്കുകയാണ് ചെയ്യുന്നത്, പഠിപ്പിച്ചു തരുന്ന ബാബ ഉണ്ടായിരിക്കുകയില്ല. പരസ്പരം അങ്ങോട്ടുമിങ്ങോട്ടും പഠിപ്പിക്കുന്നു. ഇവിടെ ബാബയിരുന്ന് കുട്ടികളെ പഠിപ്പിക്കുകയാണ്. രാത്രിയുടെയും, പകലിന്റെയും വ്യത്യാസമുണ്ട്. അവിടെ മിത്ര സംബന്ധികളെയെല്ലാം ഓർമ്മ വരുന്നു, ഇത്രയും ഓർമ്മിക്കാൻ സാധിക്കുന്നില്ല, അതുകൊണ്ട് വളരെ പരിശ്രമിച്ചാണ് ദേഹി അഭിമാനിയാകുന്നത്. നിങ്ങൾക്കിവിടെ വളരെ പെട്ടെന്ന് തന്നെ ദേഹി അഭിമാനിയായി മാറണം, പക്ഷെ ഒന്നും അറിയാത്ത അനേകം പേരുണ്ട്. ശിവബാബ നമ്മുടെ സേവനം ചെയ്തുകൊണ്ടിരിക്കുകയാണ്, സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ..... എന്നാണ് പറയുന്നത്. ഈ ശരീരത്തിൽ ഇരിക്കുന്ന, ഇവിടെ ഇരിക്കുന്ന ബാബയെയാണ് ഓർമ്മിക്കേണ്ടത്. ശിവബാബ ബ്രഹ്മാ ശരീരത്തിലൂടെ നമ്മെ പഠിപ്പിച്ചു കൊണ്ടിരിക്കുകയാണ് എന്ന നിശ്ചയം പോലും ഇല്ലാത്ത ഒരുപാട് പേരുണ്ട്. ഞങ്ങൾക്കെങ്ങനെ നിശ്ചയം ഉണ്ടാവും എന്ന് മറ്റുള്ളവർ പറയുന്നതു പോലെ ഇവിടെയും ചിലരുണ്ട്. അഥവാ പൂർണ്ണമായും നിശ്ചയമുണ്ടെങ്കിൽ വളരെ സ്നേഹത്തോടുകൂടി ബാബയെ ഓർമ്മിച്ച് തങ്ങളിൽ ശക്തി നിറക്കുകയും, വളരെയധികം സേവനം ചെയ്യുകയും ചെയ്യും, കാരണം മുഴുവൻ വിശ്വത്തെയും പാവനമാക്കി മാറ്റണമല്ലോ! യോഗത്തിൽ കുറവുണ്ടാകുന്നതു പോലെ ജ്ഞാനത്തിലും കുറവുണ്ടാകുന്നു. കേൾക്കുന്നുണ്ടെങ്കിലും ധാരണ ഉണ്ടാവുന്നില്ല. അഥവാ ധാരണ ഉണ്ടാവുകയാണെങ്കിൽ മറ്റുള്ളവരെക്കൊണ്ടും ധാരണ ചെയ്യിപ്പിക്കും. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് മറ്റുള്ള ജനങ്ങൾ വിശ്വത്തിൽ ശാന്തിക്കു വേണ്ടി സമ്മേളനം മുതലായവ കൂടുന്നു, പക്ഷെ വിശ്വത്തിൽ എപ്പോഴാണ് ശാന്തി ഉണ്ടായിരുന്നത്, എപ്രകാരമായിരുന്നു, ഇതൊന്നും തന്നെ അറിയുകയില്ല. ഏത് പ്രകാരത്തിലുള്ള ശാന്തിയാണോ ഉണ്ടായിരുന്നത്, അത് തന്നെയാണാവശ്യം. വിശ്വത്തിൽ സുഖ – ശാന്തിയുടെ സ്ഥാപന ഇപ്പോഴാണ് നടക്കുന്നതെന്ന് നിങ്ങൾ കുട്ടികൾക്ക് മാത്രമേ അറിയുകയുള്ളു. ബാബ വന്നിരിക്കുകയാണ്.... ഈ ദിൽവാഡാ ക്ഷേത്രത്തിൽ, ആദി ദേവനുമുണ്ട് മുകളിൽ വിശ്വ ശാന്തിയുടെ ദൃശ്യവുമുണ്ട്. എവിടെയെങ്കിലും സമ്മേളനത്തിന് നിങ്ങളെ വിളിക്കുകയാണെങ്കിൽ, എപ്രകാരത്തിലുള്ള ശാന്തിയാണ് വിശ്വത്തിന് ആവശ്യം?.. എന്ന് നിങ്ങൾ ചോദിക്കണം. ഈ ലക്ഷ്മീ –നാരായണന്റെ രാജ്യമായിരുന്നപ്പോൾ വിശ്വത്തിൽ ശാന്തിയുണ്ടായിരുന്നു. അതിന്റെ ഓർമ്മചിഹ്നമാണ് ദിൽവാഡാ ക്ഷേത്രത്തിലുള്ളത്. വിശ്വത്തിൽ ശാന്തിയുടെ സാമ്പിൾ ആവശ്യമാണല്ലോ. ലക്ഷ്മീ –നാരായണന്റെ ചിത്രത്തിലൂടെയും ഒന്നും മനസ്സിലാക്കുന്നില്ല. കല്ലുബുദ്ധികളാണല്ലോ. വിശ്വത്തിൽ ശാന്തിയുടെ സാമ്പിളായ ലക്ഷ്മീ– നാരായണനെയും അവരുടെ രാജധാനിയേയും കാണാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഈ ദിൽവാഡാ ക്ഷേത്രത്തിൽ പോയി നോക്കൂ എന്ന് നമുക്കവരോട് പറയാൻ കഴിയണം. മോഡൽ കാണണമെങ്കിൽ ആബുവിൽ പോയി നോക്കൂ... ആരുടെ ഓർമ്മച്ചിഹ്നമാണ് ഉണ്ടാക്കിയിരിക്കുന്നത്? ആരുടെ പേരാണ് ദിൽവാഡാ ക്ഷേത്രത്തിന് വെച്ചിരിക്കുന്നത് എന്ന കാര്യം ക്ഷേത്രം ഉണ്ടാക്കിയവർക്ക് അറിയുകയില്ല. ആദിദേവനെയും ഇരുത്തിയിട്ടുണ്ട്, മുകളിൽ സ്വർഗത്തേയും കാണിക്കുന്നുണ്ട്. എങ്ങനെയാണോ അത് ജഡമായിരിക്കുന്നത് അതു പോലെ നിങ്ങൾ ചൈതന്യമാണ്. ഇതിന് ചൈതന്യ ദിൽവാഡാ എന്ന് പേര് വെക്കാൻ കഴിയും. പക്ഷെ എത്ര തിരക്കുണ്ടാവുമെന്ന് അറിയുകയില്ല. ഇത് എന്താണ് എന്നതിൽ മനുഷ്യർ ആശയക്കുഴപ്പത്തിലാകുന്നു. മനസ്സിലാക്കി കൊടുക്കുന്നതിൽ പരിശ്രമ മുണ്ട്.ഒന്നും മനസ്സിലാക്കാത്ത ഒരുപാട് കുട്ടികളുണ്ട്. വാതിൽക്കൽ, അടുത്തുതന്നെ ഇരിക്കുകയാണെങ്കിലും ഒന്നും മനസ്സിലാക്കുന്നില്ല. പ്രദർശിനിയിൽ അനേക പ്രകാരത്തിലുള്ള മനുഷ്യർ പോകുന്നുണ്ട്, അനേകം

മഠങ്ങളിലും, ആശ്രമങ്ങളിലും, വൈഷ്ണവ ധർമ്മത്തിലുള്ളവരുമുണ്ട്. വൈഷ്ണവ ധർമ്മത്തിന്റെ അർത്ഥം പോലും മനസ്സിലാക്കുന്നില്ല. കൃഷ്ണന്റെ രാജധാനി എവിടെയാണ് എന്നതും അറിയുന്നില്ല. കൃഷ്ണന്റെ രാജ്യത്തെയാണ് സ്വർഗം, വൈകുണ്ഠം എന്നെല്ലാം പറയുന്നത്.

എപ്പോഴാണ് വിശ്വത്തിൽ ശാന്തി ഉണ്ടായിരുന്നത് എന്ന് എവിടെയെല്ലാം നിങ്ങളെ വിളിക്കുന്നവോ അവിടെയെല്ലാം പോയി മനസ്സിലാക്കിക്കൊടുക്കൂ എന്ന് ബാബ പറഞ്ഞിട്ടുണ്ട്. ഏറ്റവും ഉയർന്നതിലും ഉയർന്ന തീർത്ഥസ്ഥാനമാണ് ആബൂ, എന്തു കൊണ്ടെന്നാൽ ഇവിടെ ബാബ വന്ന് എല്ലാവരുടേയും സദ്ഗതി ചെയ്തുകൊണ്ടിരിക്കുകയാണ്, ആബൂ പർവ്വതത്തിൽ അതിന്റെ സാമ്പിൾ കാണണമെന്നുണ്ടെങ്കിൽ ദിൽവാഡാ ക്ഷേത്രത്തിൽ പോയി നോക്കൂ. എങ്ങനെയാണ് വിശ്വത്തിൽ ശാന്തി സ്ഥാപിച്ചിരുന്നത് എന്നതിന്റെ സാമ്പിളാണ് ഈ ക്ഷേത്രം. കേൾക്കുമ്പോൾ വളരെയധികം സന്തോഷമുണ്ടാകും. ജൈനന്മാർക്കും സന്തോഷം ഉണ്ടാകുന്നു. ആദിദേവനായ പ്രജാപിതാ ബ്രഹ്മാവ് നമ്മുടെ അച്ഛനാണ് എന്ന് നിങ്ങൾ പറയുന്നു. നിങ്ങൾ മനസ്സിലാക്കി ക്കൊടുക്കുന്നുണ്ടെങ്കിലും സ്വയം മനസ്സിലാക്കുന്നില്ല. ബ്രഹ്മാകുമാരിമാർ എന്തെല്ലാമാണ് പറയുന്നതെന്ന് അറിയുന്നില്ല എന്ന് പറയുന്നു. നിങ്ങൾ കുട്ടികൾ ഇപ്പോൾ ആബുവിന്റെ ഏറ്റവും ഉയർന്ന മഹിമയെക്കുറിച്ച് മനസ്സിലാക്കിക്കൊടുക്കണം. ഏറ്റവും ഉയർന്നതിലും ഉയർന്ന തീർത്ഥസ്ഥാനമാണ് ആബു. പരമപിതാവായ പരമാത്മാവ് സ്വർഗത്തിന്റെ സ്ഥാപന ചെയ്യുന്ന മൗണ്ട് ആബു ഏറ്റവും വലിയ തീർത്ഥസ്ഥാനമാണ് എന്ന കാര്യം ബോംബെയിലും പോയി മനസ്സിലാക്കിക്കൊടുക്കണം.എങ്ങനെയാണ് സ്വർഗത്തെ രചിച്ചിരിക്കുന്നത്, ആ സ്വർഗത്തിന്റെയും ആദിദേവന്റെയുമെല്ലാം മോഡൽ ആബുവിലുണ്ട്, ഇത് ഒരു മനുഷ്യനും മനസ്സിലാക്കുന്നില്ല. ഞങ്ങൾക്കിപ്പോൾ മനസ്സിലായി, നിങ്ങൾക്ക് അറിയാത്തതുകൊണ്ട് ഞങ്ങളിപ്പോൾ മനസ്സിലാക്കിത്തരികയാണ്. വിശ്വത്തിൽ ഏത് പ്രകാരത്തിലുള്ള ശാന്തിയാണ് ആഗ്രഹിക്കുന്നത്, അത് എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ എന്ന് ആദ്യമേ തന്നെ ചോദിക്കണം. ലക്ഷ്മീ– നാരായണന്റെ രാജ്യമായിരുന്നപ്പോൾ വിശ്വത്തിൽ ശാന്തിയുണ്ടായിരുന്നു. ഒരേയൊരു ആദി സനാതന ദേവീ– ദേവത ധർമ്മമായിരുന്നപ്പോൾ ലക്ഷ്മീ നാരായണന്റെ സാമ്രാജ്യമായിരുന്നു. ആബുവിൽ ഇവരുടെ രാജധാനിയുടെ മോഡൽ കാണാൻ കഴിയും. പഴയ പതിത ലോകമാണിത്. പുതിയ ലോകമെന്ന് പറയാൻ കഴിയില്ലല്ലോ. പുതിയ ലോകത്തിന്റെ മോഡൽ ഇവിടെയാണുള്ളത്, പുതിയ ലോകം ഇപ്പോൾ സ്ഥാപിച്ചു കൊണ്ടിരിക്കുകയാണ്. അറിയുമ്പോൾ നിങ്ങളും പറയുന്നു. എല്ലാവർക്കും അറിയുകയില്ല, അതുകൊണ്ട് പറയുന്നുമില്ല, മനസ്സിലാക്കുന്നുമില്ല. കാര്യം വളരെ സഹജമാണ്. മുകളിൽ സ്വർഗമാകുന്ന രാജധാനിയുണ്ട്, താഴെ ആദിദേവൻ ഇരിക്കുന്നു, ഇദ്ദേഹത്തെ തന്നെയാണ് ആദം എന്ന് പറയുന്നതും. അദ്ദേഹമാണ് മുതുമുത്തച്ഛൻ. ഇങ്ങനെയുള്ള മഹിമ നിങ്ങൾ കേൾപ്പിക്കുമ്പോൾ സന്തോഷമുണ്ടാകുന്നു. വളരെ ശരിയുമാണ്, നിങ്ങൾ കൃഷ്ണന്റെ മഹിമ ചെയ്യുന്നുണ്ട് പക്ഷെ ഒന്നും മനസ്സിലാക്കുന്നില്ല എന്ന് പറയൂ. കൃഷ്ണൻ വൈകുണ്ഠത്തിന്റെ മഹാരാജാവ്, വിശ്വത്തിന്റെ അധികാരിയായിരുന്നു. നിങ്ങളതിന്റെ മോഡൽ കാണാൻ ആഗ്രഹിക്കുന്നവെങ്കിൽ ആബുവിലേയ്ക്ക് വരൂ, വൈകുണ്ഠത്തിന്റെ മോഡൽ കാണിച്ചുകൊടുക്കാം. പുരുഷോത്തമ സംഗമയുഗത്തിൽ രാജയോഗം പഠിക്കുന്നതെങ്ങനെയാണ്, പിന്നീടതിലൂടെ വിശ്വത്തിന്റെ അധികാരിയാവുന്നതിന്റെ മോഡലും , സംഗമയുഗത്തിലെ തപസ്യയും , പ്രാക്ടിക്കലായി മാറിയതിന്റെ ഓർമ്മ ചിഹ്നവും കാണിച്ചുകൊടുക്കാം. ലക്ഷ്മീ –നാരായണന്റെ രാജ്യ ത്തിന്റെ സ്ഥാപന ചെയ്ത ശിവബാബയുടെ ചിത്രവുമുണ്ട്, അംബയുടെ ക്ഷേത്രവുമുണ്ട്. അംബയ്ക്ക് 10 – 20 കൈകളൊന്നുമില്ല. രണ്ട് കൈകൾ മാത്രമാണുള്ളത്. നിങ്ങൾ വരുകയാണെങ്കിൽ കാണാൻ കഴിയും. ആബുവിൽ വൈകുണ്ഠത്തെയും കാണാം. ആബുവിൽ വന്നാണ് ബാബ മുഴുവൻ വിശ്വത്തെയും സ്വർഗമാക്കി മാറ്റുന്നത്. സദ്ഗതി തരുന്നു. ആബു ഏറ്റവു വലിയ തീർത്ഥസ്ഥാനമാണ്, എല്ലാ ധർമ്മത്തിലുള്ളവർക്കും സദ്ഗതി കൊടുക്കുന്നത് ഒരേയൊരു ബാബയാണ്, ആബുവിൽ വരുകയാണെങ്കിൽ ബാബയുടെയും ഓർമ്മ ചിഹ്നം കാണിച്ചുതരാം. നിങ്ങൾക്ക് ആബുവിന്റെ മഹിമ വളരെയധികം ചെയ്യാൻ കഴിയും. എല്ലാവരുടെയും ഓർമ്മചിഹ്നം നിങ്ങൾക്ക് കാണിച്ചുകൊടുക്കാൻ കഴിയും. ഭാരതത്തിന്റെ പ്രാചീന രാജയോഗം പഠിപ്പിക്കുന്നതാരാണ്, അതെന്താണ്?, എന്ന് ക്രിസ്ത്യാനികളും അറിയാൻ ആഗ്രഹിക്കുന്നുണ്ട്. ആബുവിൽ വന്നാൽ കാണാൻ കഴിയുമെന്ന് പറയൂ. മേൽക്കൂരയിൽ വൈകുണ്ഠത്തെ പൂർണ്ണമായും കൃത്യമായി ഉണ്ടാക്കിയിട്ടുണ്ട്. നിങ്ങൾക്ക് ഇങ്ങനെ ഉണ്ടാക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് ഇതെല്ലാം നല്ല രീതിയിൽ പറഞ്ഞു കൊടുക്കണം. ടൂറിസ്റ്റ്കൾക്ക് ക്ഷീണമുണ്ടെങ്കിലും വന്ന് മനസ്സിലാക്കുന്നു. നിങ്ങളുടെ ആബുവിന്റെ പേര് പ്രശ്സതമാവുകയാണെങ്കിൽ അനേകർ വരും. ആബു വളരെ പ്രശസ്തമാവുക തന്നെ ചെയ്യും. വിശ്വത്തിൽ ശാന്തി ഉണ്ടാവുന്നതെങ്ങനെയാണ് എന്ന് പലരും പലപ്പോഴും ചോദിക്കാറുണ്ട്. വിശ്വത്തിൽ ശാന്തി ഉണ്ടായിരുന്നതെപ്പോഴാണ്, അതറിയുമോ? എന്ന് സമ്മേളനങ്ങൾക്ക് വിളിക്കുകയാണെങ്കിൽ , എങ്ങനെയാണ് വിശ്വത്തിൽ ശാന്തി ഉണ്ടായിരുന്നത് എന്ന് ചോദിക്കണം– വരൂ ഞങ്ങൾ മനസ്സിലാക്കി തരാം, മോഡലുകളും കാണിച്ചു തരാം. ഇങ്ങനെയുള്ള

മോഡൽ വേറെ എവിടെയും ഉണ്ടാവുകയില്ല. ബാബ വന്ന് വിശ്വത്തിൽ ശാന്തി സ്ഥാപിക്കുകയും, സർവ്വരുടെയും സദ്ഗതി ഉണ്ടാക്കുകയും ചെയ്യുന്ന ആബു ഏറ്റവും ഉയർന്നതിലും ഉയർന്ന തീർത്ഥസ്ഥാനമാണ്. ഈ കാര്യങ്ങൾ വേറെ ആർക്കും അറിയുകയില്ല. നിങ്ങളിലും നമ്പർവൈസാണ്, വലിയ മഹാരഥികളും മ്യൂസിയം മുതലായവ സംരക്ഷിക്കുന്നവരും ശരിയായ രീതിയിൽ മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കുന്നുണ്ടോ ഇല്ലയോ എന്ന് ബാബ പരിശോധിക്കുന്നുണ്ട്. ബാബയ്ക്കെല്ലാം അറിയാം, എവിടെയുള്ളവരായാലും, എങ്ങനെയുള്ളവരായാലും ആര് എന്ത് പുരുഷാർത്ഥം ചെയ്യുന്നു, എന്ത് പദവി നേടും? എന്ന് ബാബക്കറിയാം.അഥവാ ഈ സമയത്ത് മരിക്കുകയാണെങ്കിൽ ഒരു പദവിയും നേടാൻ സാധിക്കുകയില്ല. ഓർമ്മയാകുന്ന യാത്രയുടെ പരിശ്രമം അവർക്ക് മനസ്സിലാവുകയില്ല. ബാബയും ദിവസവും പുതിയ കാര്യങ്ങൾ മനസ്സിലാക്കിത്തരുന്നുണ്ട്, ഇങ്ങനെയെല്ലാം മനസ്സിലാക്കിക്കൊടുത്ത് കൊണ്ടുവരൂ. ഇവിടെ ഓർമ്മചിഹ്നം സ്ഥിരമാണ്.
ബാബ പറയുകയാണ് ഞാനും ഇവിടെയാണ്, ആദിദേവനും ഇവിടെയാണ്, വൈകുണ്ഠവും ഇവിടെയാണ്. ആബുവിന് വളരെ വലിയ മഹിമ ഉണ്ടാകും. ആബു എന്തായിത്തീരും എന്നറിയില്ല. കുരുക്ഷേത്രത്തെ നവീകരിക്കുന്നതിനുവേണ്ടി കോടിക്കണക്കിന് രൂപ ചെലവാക്കിക്കൊണ്ടിരിക്കുന്നതു കണ്ടില്ലേ എത്രയധികം മനുഷ്യരാണ് അവിടെ കൂട്ടംകൂടുന്നത്, എത്ര ദുർഗന്ധമാണ്, ചോദിക്കയേ വേണ്ട. എത്ര തിരക്കാണ് ഉണ്ടാകുന്നത്. ഭജനക്കായി പോകുന്നവരുടെ ഒരു ബസ് നദിയിൽ മുങ്ങിപ്പോയി എന്ന വാർത്ത വന്നിട്ടുണ്ടായിരുന്നു. ഇതെല്ലാം ദുഖമാണല്ലോ. അകാലമൃത്യു ഉണ്ടായിക്കൊണ്ടിരിക്കും. അവിടെ അങ്ങനെയുള്ള കാര്യങ്ങളൊന്നും ഉണ്ടായിരിക്കുകയില്ല എന്ന കാര്യം നിങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കണം. പ്രഭാഷണം ചെയ്യുന്നവർ വളരെ ബുദ്ധിശാലികളായിരിക്കണം. ബാബ ജ്ഞാനം പമ്പ് ചെയ്തുകൊണ്ടിരിക്കുകയാണ്, ബുദ്ധിയിൽ ഇരുത്തുകയാണ്. ലോകത്തിലുള്ളവർ ഈ കാര്യങ്ങളൊന്നും മനസ്സിലാക്കുന്നില്ല. അവർ മനസ്സിലാക്കുകയാണെങ്കിൽ പുതിയ ലോകത്തിലേക്ക് യാത്ര ചെയ്യാൻ പോകും. ഈ ലോകം പഴയതായി ക്കഴിഞ്ഞു എന്ന് ബാബ പറയുന്നു, 40,000 വർഷമുണ്ടെന്ന് മറ്റുള്ളവർ പറയുന്നു. മുഴുവൻ കല്പവും 5000 വർഷത്തിന്റെയാണ് എന്ന് നിങ്ങൾക്ക് പറഞ്ഞുകൊടുക്കാൻ സാധിക്കണം. പഴയലോകത്തിന്റെ മരണം മുന്നിൽ നിൽക്കുകയാണ്. ഇതിനെയാണ് പറയുന്നത് ഘോരാന്ധകാരം. കുംഭകർണ്ണനിദ്രയിൽ ഉറങ്ങിക്കിടക്കുകയാണ്. കുംഭകർണ്ണൻ അരക്കല്പം ഉറങ്ങിക്കിടക്കുകയാണ്, അരക്കല്പം ഉണർന്നിരിക്കുകയാണ്. നിങ്ങൾ കുംഭകർണ്ണൻമാരായിരുന്നു. ഇത് അത്ഭുതകരമായ കളിയാണ്. ഈ കാര്യങ്ങളൊന്നും ഒരല്പം പോലും മനസ്സിലാക്കാൻ സാധിക്കുന്നില്ല. ചിലർ ഭാവന കൊണ്ടുമാത്രമാണ് വരുന്നത്. കേൾക്കുന്നു, ഇവരെല്ലാം പോകുന്നു, അതിനാൽ അവരും വരുന്നു. ശിവബാബ സ്വർഗത്തിന്റെ സ്ഥാപന ചെയ്തുകൊണ്ടിരിക്കുകയാണ്, ഞങ്ങൾ ശിവബാബയുടെ അടുത്തേക്കാണ് പോകുന്നതെന്ന് അവരോട് പറയണം. ആ പരിധിയില്ലാത്ത ബാബയെ ഓർമ്മിക്കുന്നതിലൂടെ പരിധിയില്ലാത്ത സമ്പത്ത് ലഭിക്കുന്നു. ശിവബാബാ ഞങ്ങളും അങ്ങയുടെ കുട്ടികളാണ് , അങ്ങയിൽ നിന്നും തീർച്ചയായും സമ്പത്തെടുക്കുമെന്ന് അപ്പോൾ അവരും പറയും. മതി, തോണി മറുകരയെത്തും. ഭാവനയുടെ ഫലം എത്രയാണ് ലഭിക്കുന്നത്. ഭക്തിമാർഗത്തിൽ അല്പകാലത്തെ സുഖമാണ് ലഭിക്കുന്നത്. ഇവിടെ പരിധിയില്ലാത്ത ബാബയിൽ നിന്ന് പരിധില്ലാത്ത സമ്പത്താണ് ലഭിക്കുന്നതെന്ന് നിങ്ങൾ കുട്ടികൾക്കറിയാം. അതാണെങ്കിൽ ഭാവനയുടെ, അല്പകാല സുഖത്തിന്റെ പ്രതിഫലമാണ്. ഇവിടെ നിങ്ങൾക്ക് 21 ജന്മത്തേയ്ക്കുള്ള ഭാവനയുടെ പ്രതിഫലമാണ് ലഭിക്കുന്നത്. ബാക്കി സാക്ഷാത്ക്കാരത്തിന്റെ കാര്യമൊന്നുമില്ല. സാക്ഷാത്ക്കാരമുണ്ടാവുകയാണെങ്കിൽ മനസ്സിലാക്കാമെന്ന് ചിലർ പറയും എന്നാൽ ഒന്നും മനസ്സിലാക്കുന്നില്ല. സാക്ഷാത്ക്കാരമുണ്ടാവണമെങ്കിൽ പോയി ഭക്തി ചെയ്യൂ. അതിലൂടെ ഒന്നും തന്നെ ലഭിക്കുകയില്ല. ഭക്തി ചെയ്യുകയാണെങ്കിൽ ഏറിയാൽ അടുത്ത ജന്മം കുറച്ചു നല്ലതാകും. നല്ല ഭക്തനാണെങ്കിൽ നല്ല ജന്മം ലഭിക്കും. ഇത് കാര്യം തന്നെ വേറിട്ടതാണ്. ഈ പഴയ ലോകം മാറിക്കൊണ്ടിരിക്കുകയാണ്. ബാബ തന്നെയാണ് ഈ ലോകത്തെ പരി വർത്തനം ചെയ്യുന്നത്. ഓർമ്മ ചിഹ്നവും ഉണ്ടല്ലോ. വളരെ പഴയ ക്ഷേത്രമാണ്. കൂറെ ഭാഗം പൊളിഞ്ഞു പോയതുകൊണ്ട് മരാമത്ത് ചെയ്തു കൊണ്ടിരിക്കുകയാണ്. പക്ഷെ ശോഭ കുറഞ്ഞു പോയ്ക്കൊണ്ടിരിക്കുന്നു. ഇതെല്ലാം വിനാശി വസ്തുക്കളാണ്. അതുകൊണ്ട് ബാബ മനസ്സിലാക്കിത്തരുകയാണ്-കുട്ടികളേ, തന്റെ മംഗളം ഉണ്ടാവണമെങ്കിൽ സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ... അപ്പോൾ വികർമ്മം വിനാശമാകും. കാര്യം പഠിപ്പിന്റെയാണ്. ബാക്കി മഥുരയിൽ മധുബൻ, കുടിൽ, തെരുവ് ഇതെല്ലാം ഉണ്ടാക്കിയിട്ടുണ്ട്, ഇതൊന്നും ഒന്നുമേയല്ല. ഗോപ-ഗോപികമാരുടെ കളിയുമില്ല. ഇത് മനസ്സിലാക്കി കൊടുക്കാൻ വളരെയേറെ പരിശ്രമം ആവശ്യമുണ്ട്. ഓരോ പോയന്റും നല്ല രീതിയിലിരുന്ന് മനസ്സിലാക്കിക്കൊടുക്കണം. സമ്മേളനങ്ങളിലും യോഗം ചെയ്യിപ്പിക്കുന്നവരെ ആവശ്യമാണ്. വാളിന് മൂർച്ചയില്ലെങ്കിൽ ആരിലും തറയ്ക്കുകയില്ല. ഇപ്പോൾത്തന്നെ വൈകിപ്പോയി ...എന്ന് ബാബ പറയുന്നതതുകൊണ്ടാണ്. പരമാത്മാവ് സർവ്വ വ്യാപിയല്ല എന്ന്

അംഗീകരിക്കുകയാണെങ്കിൽ ഇവിടെ തിരക്ക് അനുഭവപ്പെടും. പക്ഷെ ഇപ്പോൾ സമയമായിട്ടില്ല. ബാബ രാജയോഗം പഠിപ്പിച്ചു തന്നിരുന്നു, അതിപ്പോൾ വീണ്ടും പഠിപ്പിച്ചുകൊണ്ടി രിക്കുകയാണ് എന്ന മുഖ്യമായ കാര്യം മനസ്സിലാക്കി കൊടുക്കണം. അതിനു പകരം ഇപ്പോൾ കറുത്തിരിക്കുന്ന ആളുടെ പേരു വെച്ചിരിക്കുകയാണ്. എത്ര വലിയ തെറ്റാണ്. അതുകൊണ്ടുതന്നെയാണ് നിങ്ങളുടെ തോണി മുങ്ങിപ്പോയത്.

ഇപ്പോൾ ബാബ മനസ്സിലാക്കിത്തരികയാണ് – ഈ പഠിപ്പ് നിങ്ങളുടെ വരുമാന മാർഗ്ഗമാണ്, മനുഷ്യനെ ദേവതയാക്കി മാറ്റുന്നതിനു വേണ്ടി സ്വയം ബാബ പഠിപ്പിക്കാൻ വന്നിരിക്കുകയാണ്, ഇതിലൂടെ തീർച്ചയായും പവിത്രമായി മാറണം, ദൈവീക ഗുണം ധാരണ ചെയ്യുകയും വേണം. നമ്പർവൈസായിരിക്കും. ഏതെല്ലാം സെന്ററുണ്ടോ, എല്ലാം നമ്പർവൈസാണ്. ഈ മുഴുവൻ രാജധാനിയുടെയും സ്ഥാപന നടന്നു കൊണ്ടിരിക്കുകയാണ്. ഇത് ചിറ്റമ്മയുടെ വീടല്ല. പറയൂ, സത്യയുഗത്തെയാണ് സ്വർഗം എന്ന് പറയുന്നത്. പക്ഷെ അവിടെ രാജ്യം ഭരിക്കുന്നതെങ്ങനെയാണ്, ദേവതകളുടെ കൂട്ടത്തെ കാണണമെങ്കിൽ ആബുവിലേയ്ക്ക് വരൂ. മേൽക്കൂരയിൽ രാജ്യത്തെ കാണിച്ചിരിക്കുന്ന വേറെ ഒരു സ്ഥലവും ഉണ്ടായിരിക്കുകയില്ല. അജ്മീറിൽ കേവലം സ്വർഗത്തിന്റെ മോഡലുണ്ട് പക്ഷെ അത് കാര്യം വേറെയാണ്. ഇവിടെയാണെങ്കിൽ ആദിദേവനുമുണ്ടല്ലോ. സത്യയുഗത്തെ ആര് എപ്പോൾ സ്ഥാപിച്ചു എന്നതിന്റെ കൃത്യമായ ഓർമ്മ ചിഹ്നമാണ്. ഇപ്പോൾ നമുക്ക് ചൈതന്യ ദിൽവാഡ എന്ന പേര് എഴുതുവാൻ സാധ്യമല്ല. എപ്പോൾ മനഷ്യർ സ്വയം മനസ്സിലാക്കുന്നുവോ അപ്പോൾ അവർ നിങ്ങൾ തന്നെ എഴുതൂ എന്ന് പറയും. ഇപ്പോൾ പറയില്ല. ഇപ്പോളാണെങ്കിൽ നോക്കൂ ചെറിയ കാര്യങ്ങൾക്കു പോലും എന്തെല്ലാമാണ് ചെയ്തു കൊണ്ടിരിക്കുന്നത്. ദേഹാഭിമാനം കാരണം വളരെയധികം ക്രോധിക്കുന്നു നിങ്ങൾ കുട്ടികൾക്കല്ലാതെ വേറെ ഒരാൾക്കും ദേഹി അഭിമാനിയാകാൻ കഴിയുകയില്ല. പുരുഷാർത്ഥം ചെയ്യണം. ഭാഗ്യത്തിലുണ്ടെങ്കിൽ നടക്കും എന്നല്ല. പുരുഷാർത്ഥികൾ ഇങ്ങനെ പറയുകയില്ല. അവർ പുരുഷാർത്ഥം ചെയ്തു കൊണ്ടിരിക്കും പിന്നീട് തോറ്റു പോവുകയാണെങ്കിൽ അപ്പോൾ പറയും ഭാഗ്യത്തിൽ അങ്ങനെയായിരുന്നു. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും, പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും, പുലർകാലവന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുളള മുഖ്യമായ സാരം –

1. ദേഹി അഭിമാനിയാകുന്നതിന്റെ പൂർണ്ണമായ പുരുഷാർത്ഥം ചെയ്യണം. ഭാഗ്യത്തിലുണ്ടെങ്കിൽ നടക്കും എന്ന് ഒരിക്കലും ചിന്തിക്കരുത്. വിവേകശാലികളായി മാറണം.

2. ജ്ഞാനം കേട്ട് അതിനെ സ്വരൂപത്തിൽ കൊണ്ടു വരണം, ഓർമ്മയുടെ മൂർച്ച ധാരണ ചെയ്ത് പിന്നീട് സേവനം ചെയ്യണം. എല്ലാവർക്കും ആബു മഹാതീർത്ഥസ്ഥാനത്തിന്റെ മഹിമ കേൾപ്പിക്കണം.

## വരദാനം–ബാബ എന്ന ഒരേയോരു വാക്കിന്റെ സ്മൃതിയിലൂടെ ഓർമ്മയിലും, സേവനത്തിലും ഇരിക്കുന്ന സത്യമായ യോഗിയും, സത്യമായ സേവാധാരിയുമായി ഭവിക്കട്ടെ.

നിങ്ങൾ കുട്ടികൾ വായിലൂടെയും, മനസ്സിലൂടെയും ബാബാ,ബാബാ എന്ന് ആവർത്തിച്ചുപറഞ്ഞുകൊണ്ടി രിക്കുന്നു. ബാബയുടെ കുട്ടികൾക്ക് ബാബയെന്ന വാക്ക് ഓർമ്മവരുന്നതും,ചിന്തിക്കുന്നതും തന്നെയാണ് യോഗം. ബാബ ഇതാണ് പറഞ്ഞത്,ബാബ അങ്ങിനെ പറഞ്ഞു.. എന്നൊക്കെ വായിലൂടെ പറയുന്നതാണ് സേവനം.ബാബാ എന്ന വാക്ക് ചിലർ ഹൃദയത്തിൽനിന്നും വിളിക്കുന്നു, ചിലർ ജ്ഞാനത്തിലൂടെ ബുദ്ധി യിൽ നിന്നും വിളിക്കുന്നു.ഹൃദയത്തിൽനിന്നും വിളിക്കുന്നവരുടെ ഹൃദയത്തിൽ സദാ പ്രത്യക്ഷഫലത്തിന്റെ സന്തോഷമുണ്ടാകും,ശക്തിയും ലഭിക്കും. ബുദ്ധിയിൽ നിന്നും വിളിക്കുന്നവർക്ക് ബാബാ എന്ന് വിളി ക്കുന്ന സമയത്തുള്ള സന്തോഷം മാത്രമേ ലഭിക്കൂ,സദാകാലവും സന്തോഷം ലഭിക്കില്ല.

## സ്ലോഗൻ –പരമാത്മാവാകുന്ന ദീപത്തിനുമുന്നിൽ സമർപ്പണമാകുന്നവർ തന്നെയാണ് സത്യമായ ഈയാംപാറ്റകൾ.